LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

312 (1356) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് വഴി അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിയുടെയും തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും ഭരണാനുമതി തുകയുടെയും, പ്രവൃത്തികളുടെ ഘട്ടത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനങ്ങൾ

313 (1357) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതെല്ലാം മരാമത്ത് പ്രവർത്തനങ്ങൾക്കാണ് നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് സാങ്കേതികാനുമതി ലഭിക്കാൻ ബാക്കിയുള്ളത് എന്നും സാങ്കേതികാനുമതി ലഭിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെയും, അതിൽ സാങ്കേതിക അനുമതി ലഭിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.